ഇ.എം(5)21858/2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 09.01.2017

## സർക്കുലർ നമ്പർ 5/2017

വിഷയം: -സഹകരണ വകുപ്പ്- സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളി ന്മേൽ നിയമനം നടത്തുന്നതിനെ-സംബന്ധിച്ച്

സൂചന:- 1) സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറിയുടെ 26/02/2016 ലെ സി.എസ്.ഇ.ബി/ഇ.സി (4)1854/15-ാം നം കത്ത്.

2) 30.03.2016 ലെ സി(2)10570/16(1)-ാം നമ്പർ യു.ഓ നോട്ട്

സഹകരണ സംഘങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട് സംഘങ്ങൾ/ബാങ്കുകൾ സഹകരണ പരീക്ഷാ ബോർഡിൽ അപേക്ഷ സമർപ്പിച്ച് ബോർഡ് വിജ്ഞാപനം നടത്തിയതിനുശേഷം അപേക്ഷയിന്മേൽ നടപടി സ്വീകരിക്കേണ്ടതില്ലാ എന്ന് ചില സംഘങ്ങൾ/ബാങ്കുകൾ അറിയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80(ബി)യിൽ പ്രതിപാദിക്കുന്ന സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനത്തിനുള്ള എഴുത്തു പരീക്ഷ നടത്തുന്നതിനായി സഹകരണ പരീക്ഷാ ബോർഡിലേക്ക് അപേക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് രണ്ട് പ്രമുഖ പത്രങ്ങളിൽ പരസ്യപ്പെടുത്തി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ, നിശ്ചിത പരീക്ഷാഫീസ് സഹിതം സ്വീകരിച്ച് എഴുത്തുപരീക്ഷയും നടത്തി അഭിമുഖത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി സംഘത്തിന്/ബാങ്കിന് അയച്ചുകൊടുക്കുകയും ചെയ്യുന്ന വളരെ പ്രാധാന്യവും അതീവ ഗൗരവമുള്ളതുമായ നടപടികളാണ് സഹകരണ പരീക്ഷാ ബോർഡ് നിർവ്വഹിക്കുന്നത്. ഇതിനായി വലിയതുക പരീക്ഷാബോർഡിന് ചെലവഴിക്കേണ്ടതായും വരുന്നുണ്ട്. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുക ഉൾപ്പെടെ മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം ഇതിനകം സമർപ്പിച്ച ബാങ്കിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് ചില സംഘങ്ങൾ/ബാങ്കുകൾ പിന്നീട് അറിയിക്കുന്നതുമൂലം ഉദ്യോഗാർത്ഥികൾക്ക് ബോർഡിനെക്കുറിച്ച് അവമതിയുണ്ടാകുകയും ബോർഡിന്റെ സൽപ്പേര് കളങ്കപ്പെടുന്നതിന് ഇടയാവുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള നടപടികൾ സംഘങ്ങൾ/ ബാങ്കുകൾ യാതൊരു കാരണവശാലും അനുവദിക്കുവാൻ പാടില്ലാ എന്ന് കർശനമായി നിർദ്ദേശിക്കുന്നു.

സഹകരണ നിയമം വകുപ്പ് 80(ബി)യിൽ പ്രതിപാദിക്കുന്ന സംഘങ്ങളിൽ/ബാങ്കുകളിൽ സഹകരണ പരീക്ഷാ ബോർഡ് മുഖേന നിയമനം നടത്തേണ്ട

തസ്തികകളിലെ ഒഴിവുകൾ യഥാസമയം സഹകരണ പരീക്ഷാബോർഡിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്ന് സംഘം ചീഫ് എക്സിക്യൂട്ടീവ്മാർ ഉറപ്പുവരുത്തേണ്ടതാണ്. നിയമനവുമായി ബന്ധപ്പെട്ട് സംഘത്തിന്റെ/ബാങ്കിന്റെ അപേക്ഷ പ്രകാരം നടപടി സ്വീകരിച്ച് വിജ്ഞാപനം ചെയ്തതിന് ശേഷം നടപടി സ്വീകരിക്കേണ്ടതില്ലെന്ന് അറിയിച്ചിട്ടുള്ള സംഘങ്ങളെ/ബാങ്കുകളെ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിശോധിച്ച് അപ്രകാരമുള്ള സംഘങ്ങൾക്ക്/ബാങ്കുകൾക്കെതിരെ കർശന നടപടികൾ യഥാസമയം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
   എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ആഡിറ്റ്)
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
   (ജോയിന്റ് ഡയറക്ടർ മുഖേന)
5. സെക്രട്ടറി, സഹകരണ പരീക്ഷാ ബോർഡ്, തിരുവനന്തപുരം
6. എഡിറ്റർ, സഹകരണ വീഥി
7. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം സെക്ഷൻ)

എസ്.ആർ.09.02.2017